PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1950

Thursday, *the 26th October 1950*

Vol. II] OFFICIAL REPORT [No. 6

The Assembly met in the Legislative Chamber, Public Offices, Trivandrum at eleven of the clock on Thursday, the 26th October 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted question for the day.)

(a) Oral Answers

സംസ്ഥാനത്തെ വർഗ്ഗീയവൈരം

*൨൨൨. (൯) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ?

(എ) വർഗ്ഗീയവൈരവും സമുദായ വൈരവും സംസ്ഥാനത്തു വർദ്ധിച്ചുവരുന്നു എന്നുള്ള സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ സംഗതികളെ സംബന്ധിച്ച് എന്തെങ്കിലും നടപടി ഗവണ്മെണ്ടു കൈക്കൊണ്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : ചിലപ്പോഴൊക്കെ അങ്ങനെ ഉള്ളതായി കാണുന്നുണ്ട്.

(ബി) ആവശ്യമെന്നു കാണുന്ന സമയത്തു് വേണ്ട നടപടി എടുക്കുന്നതാണു്.

ശ്രീ. പി. നാണു : ഇതുവരെ അങ്ങിനെ കണ്ടിട്ട് എന്തെങ്കിലും നടപടി എടുത്തോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ പറയത്തക്കവണ്ണം ഒന്നും ഉണ്ടായതായി കണ്ടിട്ടില്ല.

ശ്രീ. പി. നാണു : ഇങ്ങനെ വർഗ്ഗീയവൈരം ഉണ്ടാക്കിയിരിക്കുന്ന ഏജൻസികൾ ഏതെല്ലാമാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതിനു പ്രത്യേകം ഏജൻസികളുള്ളതായി അറിവില്ല.

ശ്രീ. പി. നാണു : ഹിന്ദുമണ്ഡലവും കത്തോലിക്കാ കാൺഗ്രസും സമുദായവൈരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രസ്താവനകളും മറ്റും പുറപ്പെടുവിക്കുന്നതായിട്ടറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ മനസ്സിലാക്കാൻ ഇടയായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു : അങ്ങനെയാണെങ്കിൽ അവരുടെ മേൽ നടപടി എടുക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അവർ ഇപ്പോൾ ഈ മാതിരി നടപടികൾ തുടർന്നു നടത്തുന്നതായിട്ടറിയുന്നില്ല.

ശ്രീ. ഇട്ടിയര അംമ്പൂക്കൻ : വിദ്യാഭ്യാസ കാര്യത്തിലും വ്യാപാര കാര്യത്തിലും ഒരു fair competition ഉണ്ടായിരിക്കുന്നതു് രാജ്യത്തിന്റെ പുരോഗമനത്തിനു് നല്ലതല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : ആയിരിക്കും.

ശ്രീ. ആർ. കെ. രാമ : *வர்க்கிய வைராக்கியம் உண்டாக்க மந்திரிகள் முயற்சி செய்ததுண்டா?*

(No answer)

ശ്രീ. ടി. ടി. കേശവശാസ്ത്രി : പത്ര പ്രസ്താവനകളും മറ്റും മൂലം ചില വ്യക്തികൾ സമുദായവൈരം വർദ്ധിപ്പിക്കുന്നതായിട്ടറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഏതെങ്കിലും ഒന്നിനെ പ്രത്യേകിച്ചു് ചോദിച്ചാൽ പറയാം. അല്ലാതെ പൊതുവെ ഇങ്ങനെ ചോദിച്ചാൽ അതു് അറിയാനൊക്കുകയില്ല.

ശ്രീ. കെ. എൻ. ശങ്കരപ്പിള്ള : തമിഴ് നാട്ടിൽ ഇങ്ങനെ വർദ്ധിയ വൈരം വല്ലതും ഉണ്ടാക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിഞ്ഞുകൂടാ.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ഏതേതു സമുദായങ്ങളാണു് വർദ്ധിയവൈരം ഇളക്കി വിടുന്നതായിട്ടറിയാനിടവന്നിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഹിന്ദുക്കളും ക്രസ്ത്യാനികളും.

ശ്രീ. വി. ഗംഗാധരൻ നായർ: ഗവണ്മെന്റു് ഈ വർഗ്ഗീയ വൈരം ഇളക്കി വിടുന്നവരുടെ പ്രതിനിധികളെ ക്ഷണിച്ചുവരുത്തി എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. വി. ഗംഗാധരൻ നായർ : ഈയിടെ ഒരു മുസ്ലീം എം.എൽ.എ- യെ ഇങ്ങനെ പ്രത്യേകം ക്ഷണിച്ചു വരുത്തി ആലോചനകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. പി. നാണു : ഹിന്ദുക്കളും ക്രസ്ത്യാനികളും തമ്മിലാണു് അധികമായി ഈ വർഗ്ഗീയവൈരമെന്നു പറഞ്ഞു; അതു് പൊതുവായി ആ സമുദായക്കാർ തമ്മിലുള്ളതാണോ അവരിൽ ഏതാനും ഭാഗങ്ങൾ മാത്രമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവരിൽ ഏതാനും ഭാഗം മാത്രം.

ശ്രീ. ആർ. കെ. റാം : മന്ത്രിമാർ വർഗ്ഗീയ വൈരം ഇളക്കി വിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. എസ്സ്. കുട്ടൻ : സമുദായ വൈരം ഇളക്കി വിടുന്നതായ വല്ല പ്രസംഗവും മന്ത്രിമാർ നെയ്യാറ്റിൻകര തെരഞ്ഞെടുപ്പിനെ മുന്നിട്ട് നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : മി. കുട്ടൻ അങ്ങനെ പ്രസംഗിച്ചിട്ടുള്ളതായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly